എടുക്കുന്ന എന്നുള്ളതാണ്. ഒരു ഏക്കർ പത്ത് സെന്റുള്ള ഒരാളുടെ സ്ഥലം എടുക്കുമ്പോൾ ഒരേക്കർ സ്ഥലം മുൻഭാഗത്ത് എടുത്ത്, 10 സെന്റ് സ്ഥലം പിൻഭാഗത്ത് ബാക്കിവച്ചാൽ അതുകൊണ്ട് അദ്ദേഹത്തിന് പ്രയോജനമുണ്ടാകില്ല. അതുപോലെ, 40 സെന്റ് സ്ഥലമുള്ള ഒരാളുടെ 38 സെന്റ് സ്ഥലമെടുത്ത് 2 സെന്റ് സ്ഥലം മാത്രം ബാക്കിയാക്കിയാൽ അതുകൊണ്ടും അദ്ദേഹത്തിന് ബുദ്ധിമുട്ട് ഉണ്ടാകും. അത് പരിഗണിയ്ക്കണമെന്നൊരു തീരുമാനം നേരത്തേ ഉണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം അവിടെ കച്ചവടം ചെയ്യുന്ന ആളുകളെ സംബന്ധിച്ചാണ്. അവിടെയിപ്പോൾ 10 കടകൾ ഉണ്ട്. അതിൽ 7 കടകൾ മാത്രമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്, അത് എടുത്ത് ബാക്കി ഒഴിവാക്കണമെന്നാണ് അങ്ങ് ആവശ്യപ്പെട്ടിട്ടുള്ളത്, അതും പരിഗണിക്കേണ്ടകാര്യം തന്നെയാണ്. അതെങ്ങനെ പരിഹരിക്കും എന്നുള്ളകാര്യം ആലോചിക്കും, അത് പരിഹരിക്കേണ്ട പ്രധാനപ്പെട്ട കാര്യമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. അത് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

2. കണ്ണമൂല തോട്ടും ആക്കുളം ജലാശയവും ശുചീകരിക്കൽ

ശ്രീ. എം. എ. വാഹീദ് : സർ, ഓപ്പറേഷൻ അനന്ത തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി നടത്തിയിരിക്കുന്ന വലിയ ജനകീയ പിൻതുണയുള്ള ഒരു പദ്ധതിയാണ്. ഇതിന്റെ ദോഷഫലങ്ങൾ മുഴുവൻ അനുഭവിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളാണ്. ആമയിഴഞ്ചാൻ തോട്ടിലേയും കണ്ണമൂല തോട്ടിലേയും മാലിന്യങ്ങൾ വന്നുപതിക്കുന്നത് ആക്കുളം ശുദ്ധജല തടാകത്തിലേക്കാണ്. ഓപ്പറേഷൻ അനന്ത വരുന്നതിനുമുൻപ് കുറേ മാലിന്യങ്ങൾ വരുമായിരുന്നു. ഇപ്പോൾ ഓപ്പറേഷൻ അനന്ത വന്നപ്പോൾ നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും കണ്ണമൂല പാലംമുതൽ ആക്കുളം ജലാശയംവരെ കെട്ടിക്കിടക്കുകയാണ്. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ വെള്ളം കെട്ടിക്കിടന്ന് രോഗാണുക്കൾ പകരുന്ന സ്ഥിതിയാണ്. ഇങ്ങനെ കുറച്ചുദിവസം കൂടി പോവുകയാണെങ്കിൽ ആ പ്രദേശത്ത് പകർച്ചവ്യാധി ഉണ്ടാകാനും അത് നഗരം മുഴുവൻ വ്യാപിക്കാനും സാധ്യതയുള്ള അതിഗുരുതരമായ ഒരു സ്ഥിതി വിശേഷമാണുള്ളത്. അതിന്റെ ഇരുകരയിലും തിങ്ങിഞെരുങ്ങി സാധാരണക്കാരാണ് താമസിക്കുന്നത്. രണ്ടോ മൂന്നോ പട്ടികജാതി കോളനി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഈ കണ്ണമൂല തോടിന്റെ പാലംമുതൽ ആക്കുളം ജലാശയംവരെയുള്ള ഭാഗത്തുണ്ട്. പാവപ്പെട്ട ആൾക്കാർ തിങ്ങിഞെരുങ്ങി താമസിക്കുന്ന സ്ഥലമാണ്. അവിടേയ്ക്ക് ഈ മാലിന്യങ്ങൾ മുഴുവൻ എത്തുകയും രോഗങ്ങൾ പടരുകയും ചെയ്താൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയാത്തരീതിയിൽ തിരുവനന്തപുരം നഗരത്തിന്റെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തും പകർച്ചവ്യാധി പടരാൻ സാധ്യതയുണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായിത്തന്നെ കണ്ണമ്മൂല തോടും ആമയിഴഞ്ചാൻ തോടും ശുദ്ധീകരിക്കുന്നതിനും ജല നിർഗ്ഗമന മാർഗ്ഗം വളരെ ശക്തിയാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് സംബന്ധിച്ച ഒരു പ്രഖ്യാപനം മന്ത്രി ഇവിടെ നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓപ്പറേഷൻ അനന്തയുടെ സൂഷ്മാവായ ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലി തന്നെ ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കണ്ണമ്മൂല തോട് വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഓടകളും തോടുകളും വൃത്തിയാക്കിയപ്പോൾ ആമയിഴഞ്ചാൻ തോട്ടിലൂടെയും കണ്ണമ്മൂല തോട്ടിലൂടെയും ഒഴുകിയെത്തിയ മാലിന്യങ്ങൾ കണ്ണമ്മൂല പാലംമുതൽ ആക്കുളം ജലാശയംവരെയുള്ള 3 കിലോമീറ്റർ ദൂരം വരുന്ന ഭാഗത്ത് അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ട് കിടക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരത്തിൽ നിന്നുള്ള മലിന ജലത്തിന്റെ ഒഴുക്ക് സുഗമമാക്കണമെങ്കിൽ മേല്പറഞ്ഞ തോടുകൾ കൂടി വൃത്തിയാക്കേണ്ടതുണ്ട്. ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും കണ്ണമ്മൂല മുതൽ ആക്കുളം ജലാശയം വരെയുള്ള ഭാഗം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ശുചിയാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം ഉടൻ നൽകുന്നതാണ്.

3. ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം പ്രാവർത്തികമാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത് മനസ്സില്ലാമനസ്സോടെയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട എന്റെ ഏഴാമത്തെ സബ്മിഷനാണിത്. കഴിഞ്ഞ ഡിസംബറിലെ ഇതുസംബന്ധിച്ച എന്റെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറയുന്നത് 23-2-2013-ലെ ഉത്തരവ് ഏറ്റവും വേഗത്തിൽ പ്രായോഗികതലത്തിൽ വരുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പ് തരുന്നു എന്നാണ്. കൂടാതെ, അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇനി ബഹുമാനപ്പെട്ട അംഗത്തിന് ഇതുപോലൊരു സബ്മിഷൻ അവതരിപ്പിക്കാൻ അവസരം ഉണ്ടാകില്ലെന്നാണ്. പക്ഷേ എനിക്ക് ഇപ്പോഴും പ്രതീക്ഷയുണ്ട്, ശ്രീ. ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയാണെങ്കിൽ